LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി, പട്ടികവർഗ്ഗ പീഡനം

269 (279) ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ നേർക്ക് നടന്നിട്ടുള്ള അതിക്രമങ്ങളുടെപേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈയിടെ ക്ഷേത്രദർശനം നടത്തിയതിന്റെപേരിൽ മാവേലിക്കര താലൂക്കിൽ ഒരു പട്ടികജാതിക്കാരനെ ആക്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4,189 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ

270 (280) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ നിയമം അനുസരിച്ച് ഓരോ വർഷവും രജിസ്റ്റർചെയ്ത കേസ്സുകളുടെ എണ്ണം എത്ര ;

(ബി) രജിസ്റ്റർചെയ്ത കേസ്സുകളിൽ വിചാരണയ്ക്കായി കോടതിയിൽ എത്തിയ കേസ്സുകൾ എത്ര ; ശിക്ഷിക്കപ്പെട്ട കേസ്സുകൾ എത്ര ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.